പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6276 08.07.2014 ൽ മറുപടിക്ക്

## ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്തനിവാരണ സേന

| ചോദ്യം<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.എം.എ.വാഹീദ്** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ)സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്തനിവാരണ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) 17.10.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം ദുരന്ത നിവാരണത്തിനുമാത്രമായി 100 പോലീസ് സേനാംഗങ്ങളുള്ള ദുരന്ത നിവാരണ സേന രൂപീകരിച്ചിട്ടുണ്ട്. |
| ബി) സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) സംസ്ഥാനത്ത് ഉണ്ടാകുന്ന ദുരന്തങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുക എന്നുള്ളതാണ് ദുരന്ത നിവാരണ സേനയുടെ പ്രവർത്തനങ്ങൾ. കൂടാതെ ദുരന്തമേഖലകളിൽ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി)എന്തെല്ലാം ആധുനിക പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | സി) തമിഴ്നാട് ആർക്കോണം ആസ്ഥാനമായുള്ള ദേശീയ ദുരന്ത നിവാരണ സേന 4-ാം ബറ്റാലിയനിലെ പരിശീലകരുടെ സഹായത്തിൽ വാട്ടർ റെസ്ക്യൂ ലാൻഡ് സ്ലൈഡ്, റെസ്ക്യൂ, റോപ് റെസ്ക്യൂ, ഫയർ റെസ്ക്യൂ, ബയോളജിക്കൽ/റേഡിയോളജിക്കൽ /കെമിക്കൽ ഡിസാസ്റ്റർ റെസ്ക്യൂ, ഫസ്റ്റ് എയ്ഡ് തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) ദുരന്തമുണ്ടാകുന്ന മേഖലകളിലെല്ലാം പ്രസ്തുത സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ